**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3134** **14-02-2024 - ൽ മറുപടിയ്ക്ക്**

**വാമനപുരം നിയോജകമണ്ഡലത്തിലെ സമ്പൂർണ്ണ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം നിയോജകമണ്ഡലത്തിലെ ഒൻപത് പഞ്ചായത്തുകളിലുമായി ഏതെല്ലാം പദ്ധതികൾ മുഖേനയാണ് സമ്പൂർണ്ണ കുടിവെള്ള പദ്ധതി നടപ്പാക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | വാമനപുരം നിയോജക മണ്ഡലത്തിൽപ്പെട്ട ഒൻപത് പഞ്ചായത്തുകളിലുമായി ജലജീവൻ മിഷൻ പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>ആനാട്, പനവൂർ, കല്ലറ, നന്ദിയോട്, പാങ്ങോട്, പെരിങ്ങമ്മല, വാമനപുരം, പുല്ലമ്പാറ, നെല്ലനാട് പഞ്ചായത്തുകളിൽ ഭരണാനുമതി നൽകിയ 64265 കണക്ഷനുകളിൽ 30540 കണക്ഷനുകൾ നൽകിക്കഴിഞ്ഞു.<br><br>കൂടാതെ വാമനപുരം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളും അവയുടെ പുരോഗതിയും ചുവടെ ചേർക്കുന്നു.<br><br><u>1. വാമനപുരം, നെല്ലനാട്, മാണിക്കൽ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി</u><br><br>വാമനപുരം നിയോജക മണ്ഡലത്തിലുൾപ്പെട്ട നെല്ലനാട്, വാമനപുരം പഞ്ചായത്തുകൾക്കും, നെടുമങ്ങാട് നിയോജക മണ്ഡലത്തിലുൾപ്പെട്ട മാണിക്കൽ പഞ്ചായത്തിനും വേണ്ടിയുള്ള കുടിവെള്ള പദ്ധതിയാണിത്. ഈ പദ്ധതിയുടെ ഒന്നാം ഘട്ടമായി ജല ജീവൻ മിഷനിലുൾപ്പെടുത്തി 118.70 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ സ്രോതസ്സ് വാമനപുരം നദിയാണ്. കിണറും പമ്പ്ഹൗസും നിർമ്മിക്കൽ, റോ വാട്ടർ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിനുകൾ, പമ്പ്സെറ്റുകൾ, ജലവിതരണ ശൃംഖലകൾ എന്നിവ സ്ഥാപിക്കൽ, ഉപരിതല ജലസംഭരണികളുടെ നിർമ്മാണം, ഗാർഹിക കണക്ഷനുകൾ നൽകൽ എന്നിവയാണ് ഈ പദ്ധതിയിലുൾപ്പെട്ടിട്ടുള്ളത്.<br><br>ഈ പദ്ധതിയിൽ കുറ്ററയിൽ വാമനപുരം നദിക്കു സമീപം കിണറും പമ്പ്ഹൗസും നിർമ്മിച്ച് |

പമ്പ്സെറ്റുകളും സ്ഥാപിച്ച് 500 മി.മീ. വ്യാസമുള്ള ഡക്റ്റൈൽ അയൺ പൈപ്പ്ലൈൻ വഴി വാമനപുരം നദിയിലെ ജലം പമ്പ് ചെയ്ത് കൈലാസം കുന്നിൽ നിർമ്മിക്കുന്ന 15 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാലയിലെത്തിച്ച് ശുദ്ധീകരിച്ച ശേഷം നെല്ലനാട്, വാമനപുരം, മാണിക്കൽ പഞ്ചായത്തുകളിൽ നിർമ്മിക്കുന്ന ജല സംഭരണികളിലെത്തിച്ച്, ജലവിതരണ ശൃംഖലകൾ വഴി വിതരണം ചെയ്യാനാണുദ്ദേശിക്കുന്നത്. ഈ പദ്ധതിയുടെ രണ്ടാം ഘട്ടമായി വാമനപുരം പഞ്ചായത്തിൽ 2088 കുടിവെള്ള കണക്ഷനുകളും, നെല്ലനാട് പഞ്ചായത്തിൽ 989 കുടിവെള്ള കണക്ഷനുകളും നൽകുന്നതിനുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. പദ്ധതിയുടെ രണ്ടു ഘട്ടങ്ങളിലൂടെ വാമനപുരം പഞ്ചായത്തിൽ ആകെ 6938 കുടിവെള്ള കണക്ഷനുകളും, നെല്ലനാട് പഞ്ചായത്തിൽ 4532 കുടിവെള്ള കണക്ഷനുകളും നൽകാനുദ്ദേശിക്കുന്നു.

മേൽപ്പറഞ്ഞ ഒന്നും, രണ്ടും ഘട്ടങ്ങളിലുൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾ പല പാക്കേജുകളായി തിരിച്ചാണ് നടപ്പിലാക്കുന്നത്. കിണറും, പമ്പ്ഹൗസും, ജലശുദ്ധീകരണശാല, ജലസംഭരണി, റോ വാട്ടർ പമ്പിംഗ് മെയിൻ തുടങ്ങിയവയുടെ പ്രവൃത്തികൾ 55% പൂർത്തിയായി. പമ്പിംഗ് മെയിൻ പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ 70% പൂത്തിയായിട്ടുണ്ട്. നെല്ലനാട് പഞ്ചായത്തിൽ ജലവിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികൾ 90% പൂർത്തിയായിട്ടുണ്ട്. വാമനപുരം പഞ്ചായത്തിൽ ജലവിതരണശൃംഖലകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ 20% പൂർത്തിയായി. ഇതുവരെ 2650 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. വാമനപുരം, നെല്ലനാട്, മാണിക്കൽ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള പദ്ധതിയുടെ ആകെ പുരോഗതി 50% ആണ്.

<u>2. ആനാട്, കുറുപുഴ, പാലോട് വില്ലേജുകൾക്കു വേണ്ടിയുള്ള സമഗ്ര ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി.</u>

വാമനപുരം നിയോജക മണ്ഡലത്തിലുൾപ്പെട്ട ആനാട്, കുറുപുഴ, പാലോട് വില്ലേജുകളിൽ ശുദ്ധജലമെത്തിക്കുന്നതിനുള്ള വാമനപുരം കുടിവെള്ള പദ്ധതിയുടെ വിവിധ ഘടകങ്ങൾ ഘട്ടങ്ങളായി നടപ്പിലാക്കാനാണ് വിഭാവനം ചെയ്തിരുന്നത്. ഈ പദ്ധതിയുടെ ഒന്നാം ഘട്ട പ്രവൃത്തികൾക്കായി 2014 എസ്.എൽ.എസ്.എസ്.സി.-യിൽ ഉൾപ്പെടുത്തി 15 കോടി രൂപ യുടെ ഭരണാനുമതി ലഭിക്കുകയും, പദ്ധതിയുടെ ജലശുദ്ധീകരണശാല, കിണറും

പമ്പ്ഹൗസും, റോ വാട്ടർ പമ്പിംഗ് മെയിൻ പൈപ്പ് ലൈൻ എന്നിവ പൂർത്തീകരിക്കുകയും ചെയ്തിരുന്നു.

രണ്ടാംഘട്ട പ്രവൃത്തികൾക്കായി 16 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. ഇതിൽ റോവാട്ടർ പമ്പ് ചെയ്യുന്നതിനായി പമ്പ്സെറ്റുകൾ സ്ഥാപിക്കൽ, നന്ദിയോട് നിലവിലുള്ള ജലസംഭരണിയുടെ പുനരുദ്ധാരണവും, പുതുതായി 10 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല ജലസംഭരണിയുടെ നിർമ്മാണവും, ടി ജലസംഭരണികളിലേയ്ക്ക് ജലശുദ്ധീകരണശാലയിൽ നിന്നും ശുദ്ധീകരിച്ച ജലം എത്തിക്കുന്നതിനുള്ള പൈപ്പ്ലൈൻ സ്ഥാപിക്കൽ, നന്ദിയോട് പഞ്ചായത്തിൽ 63 കി. മീ. ദൈർഘ്യത്തിൽ ജലവിതരണശൃംഖല സ്ഥാപിക്കൽ എന്നിവയാണ് ഉൾപ്പെട്ടിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികൾ രണ്ടു പാക്കേജുകളായാണ് നടപ്പിലാക്കുന്നത്. ജലസംഭരണിയുടെ നിർമ്മാണം, പൈപ്പ്ലൈൻ സ്ഥാപിക്കൽ തുടങ്ങിയവ ഉൾപ്പെടുന്ന ഒന്നാമത്തെ പാക്കേജിൽ 71% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. പമ്പ്സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ തുടങ്ങിയവ സ്ഥാപിക്കുന്ന രണ്ടാമത്തെ പാക്കേജിൽ 73% പ്രവൃത്തിയും പൂർത്തിയായിട്ടുണ്ട്.

ടി പദ്ധതിയുടെ മൂന്നാം ഘട്ടമായി ആനാട്, നന്ദിയോട് പഞ്ചായത്തുകളിലെ മുഴുവൻ പ്രദേശത്തും കുടിവെള്ളമെത്തിക്കുന്നതിനായി ജലജീവൻ മിഷനിലുൾപ്പെടുത്തി 65.66 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. താന്നിമൂടിൽ 3.3 ലക്ഷം ലിറ്റർ, ആലുംകുഴിയിൽ 4 ലക്ഷം ലിറ്റർ, കുപ്പിൽ 6.25 ലക്ഷം ലിറ്റർ, കൈതക്കാട് 1.7 ലക്ഷം ലിറ്റർ വീതം ശേഷിയുള്ള ഉപരിതല ജലസംഭരണികളുടെ നിർമ്മാണം, പ്രസ്തുത ജലസംഭരണികളിലേയ്ക്ക് ശുദ്ധജലമെത്തിക്കുന്നതിനുള്ള പൈപ്പ്ലൈനുകൾ, പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ, ഇരു പഞ്ചായത്തുകളിലും ആവശ്യമായ ജലവിതരണശൃംഖലകൾ തുടങ്ങിയവ സ്ഥാപിക്കലും, ആനാട് പഞ്ചായത്തിൽ 7814, നന്ദിയോട് പഞ്ചായത്തിൽ 3826 കുടിവെള്ള കണക്ഷനുകൾ നൽകലും ഇതിലുൾപ്പെടുന്നു.

ഇതിൽ കൈതക്കാട്, കുപ്പ് എന്നിവിടങ്ങളിലെ ഉപരിതല ജലസംഭരണിയുടെ നിർമ്മാണം പൂർത്തിയായി. ആലുംകുഴിയിൽ ജലസംഭരണി നിർമ്മിക്കുന്ന സ്ഥലത്ത് നിന്നും പാറ നീക്കം ചെയ്യാനാവാത്തതിനാൽ പ്രവൃത്തി തടസ്സപ്പെട്ടിരിക്കുകയാണ്. ഏകദേശം 144 കി.മീ.

ജലവിതരണശൃംഖല സ്ഥാപിക്കേണ്ടതിൽ 4 മേഖലകളായി തിരിച്ച് ഏതാണ്ട് 130 കിലോമീറ്ററോളം സ്ഥാപിച്ചുകഴിഞ്ഞു. ആനാട് പഞ്ചായത്തിൽ 2789 കുടിവെള്ള കണക്ഷനുകളും നൽകിയിട്ടുണ്ട്.

<u>3. പെരിങ്ങമല പഞ്ചായത്തിനു വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി</u>

വാമനപുരം നിയോജക മണ്ഡലത്തിലുൾപ്പെട്ട പെരിങ്ങമല പഞ്ചായത്തിൽ ശുദ്ധജല വിതരണം നടത്തുന്നതിനായി ജലശുദ്ധീകരണ ശാലയുൾപ്പെടെയുള്ള ഘടകങ്ങളുൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതിയ്ക്ക് ജലജീവൻ മിഷനിലുൾപ്പെടുത്തി 123.17 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വാമനപുരം നദിയാണ് ഈ പദ്ധതിയുടെ സ്രോതസ്സായി കണ്ടെത്തിയിട്ടുള്ളത്. തമ്പുരാൻ വച്ചുണ്ടകയത്ത് വാമനപുരം നദിയോട് ചേർന്ന് 8.0 മീ. വ്യാസമുള്ള കിണറും പമ്പ്ഹൗസിന്റെയും നിർമ്മാണം, ആയിരവല്ലിക്കുന്നിൽ 5 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണ ശാലയുടെയും അനുബന്ധ ഘടകങ്ങളുടെയും നിർമ്മാണം, റോ വാട്ടർ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ പൈപ്പ് ലൈനുകൾ, പമ്പ്സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ തുടങ്ങിയവ സ്ഥാപിക്കൽ, ആയിരവല്ലിക്കുന്നിൽ 10.6 ലക്ഷം ലിറ്ററും, അടിയോടി കോളനിയിൽ 1.5 ലക്ഷം ലിറ്ററും, വെളിയൻകാലകുന്നിൽ 1 ലക്ഷം ലിറ്ററും സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണികളുടെ നിർമ്മാണം, ജലവിതരണ ശൃംഖലകൾ സ്ഥാപിക്കൽ, 7777 കുടിവെള്ള കണക്ഷനുകൾ നൽകൽ എന്നിവയാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്.

ഇതിൽ കിണറും, പമ്പ്ഹൗസും, ജലശുദ്ധീകരണശാല, അടിയോടി കോളനിയിലെ ഉപരിതലജലസംഭരണി എന്നിവയുടെ നിർമ്മാണവും, ജലവിതരണശൃംഖലകൾ സ്ഥാപിക്കലും പുരോഗമിക്കുന്നു. ആയിരവല്ലിക്കുന്നിൽ ജലസംഭരണി നിർമ്മിക്കേണ്ട സ്ഥലത്തേയ്ക്കുള്ള വഴിയ്ക്കുള്ള സ്ഥലം ലഭ്യമാകാത്തതിനാൽ പ്രവൃത്തികൾ തുടങ്ങിയിട്ടില്ല. സ്ഥലം ലഭ്യമാകാത്തതിനാൽ വെളിയൻകാലകുന്നിലും, മടത്തറയിലും നിർമ്മിക്കേണ്ട ജലസംഭരണികളുടെ നിർമ്മാണവും ആരംഭിച്ചിട്ടില്ല. 165 കിലോമീറ്ററോളം ജലവിതരണശൃംഖലകൾ സ്ഥാപിക്കേണ്ടതിൽ 145 കിലോമീറ്ററോളം സ്ഥാപിച്ചു കഴിഞ്ഞു. 3901 കുടിവെള്ള കണക്ഷനുകൾ ഇതുവരെ നൽകിയിട്ടുണ്ട്. ജലശുദ്ധീകരണശാല,

| | | | |
|---|---|---|---|
| | | | ജലസംഭരണികൾ തുടങ്ങിയവയുടെ നിർമ്മാണം പൂർത്തിയാക്കി പദ്ധതി കമ്മീഷൻ ചെയ്യുന്ന മുറയ്ക്ക് പഞ്ചായത്തിലെ എല്ലാ പ്രദേശത്തും ശുദ്ധ ജലവിതരണം സാദ്ധ്യമാകും. |
| (ബി) | പ്രസ്തുത പദ്ധതികളുടെ പുരോഗതി അറിയിക്കാമോ? | (ബി) | വാമനപുരം നിയോജക മണ്ഡലത്തിൽപ്പെട്ട ഒൻപത് പഞ്ചായത്തുകളിലുമായി ജലജീവൻ മിഷൻ പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>ആനാട്, പനവൂർ, കല്ലറ, നന്ദിയോട് , പാങ്ങോട് , പെരിങ്ങമ്മല, വാമനപുരം, പുല്ലമ്പാറ, നെല്ലനാട് പഞ്ചായത്തുകളിൽ ഭരണാനുമതി നൽകിയ 64265 കണക്ഷനുകളിൽ 30540 കണക്ഷനുകൾ നൽകിക്കഴിഞ്ഞു.<br><br>കൂടാതെ വാമനപുരം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളും അവയുടെ പുരോഗതിയും ചുവടെ ചേർക്കുന്നു.<br><br><u>1. വാമനപുരം, നെല്ലനാട്, മാണിക്കൽ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി</u><br><br>വാമനപുരം നിയോജക മണ്ഡലത്തിലുൾപ്പെട്ട നെല്ലനാട്, വാമനപുരം പഞ്ചായത്തുകൾക്കും, നെടുമങ്ങാട് നിയോജക മണ്ഡലത്തിലുൾപ്പെട്ട മാണിക്കൽ പഞ്ചായത്തിനും വേണ്ടിയുള്ള കുടിവെള്ള പദ്ധതിയാണിത്. ഈ പദ്ധതിയുടെ ഒന്നാം ഘട്ടമായി ജല ജീവൻ മിഷനിലുൾപ്പെടുത്തി 118.70 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ സ്രോതസ്സ് വാമനപുരം നദിയാണ്. കിണറും പമ്പ്ഹൗസും നിർമ്മിക്കൽ, റോ വാട്ടർ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിനുകൾ, പമ്പ്സെറ്റുകൾ, ജലവിതരണ ശൃംഖലകൾ എന്നിവ സ്ഥാപിക്കൽ, ഉപരിതല ജലസംഭരണികളുടെ നിർമ്മാണം, ഗാർഹിക കണക്ഷനുകൾ നൽകൽ എന്നിവയാണ് ഈ പദ്ധതിയിലുൾപ്പെട്ടിട്ടുള്ളത്.<br><br>ഈ പദ്ധതിയിൽ കുറ്ററയിൽ വാമനപുരം നദിക്കു സമീപം കിണറും പമ്പ്ഹൗസും നിർമ്മിച്ച് പമ്പ്സെറ്റുകളും സ്ഥാപിച്ച് 500 മി.മീ. വ്യാസമുള്ള ഡക്റ്റൈൽ അയൺ പൈപ്പ്ലൈൻ വഴി വാമനപുരം നദിയിലെ ജലം പമ്പ് ചെയ്ത് കൈലാസം കുന്നിൽ നിർമ്മിക്കുന്ന 15 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാലയിലെത്തിച്ച് ശുദ്ധീകരിച്ച ശേഷം നെല്ലനാട്, വാമനപുരം, മാണിക്കൽ പഞ്ചായത്തുകളിൽ നിർമ്മിക്കുന്ന ജല സംഭരണികളിലെത്തിച്ച്, ജലവിതരണ ശൃംഖലകൾ |

വഴി വിതരണം ചെയ്യാനാണുദ്ദേശിക്കുന്നത്. ഈ പദ്ധതിയുടെ രണ്ടാം ഘട്ടമായി വാമനപുരം പഞ്ചായത്തിൽ 2088 കുടിവെള്ള കണക്ഷനുകളും, നെല്ലനാട് പഞ്ചായത്തിൽ 989 കുടിവെള്ള കണക്ഷനുകളും നൽകുന്നതിനുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. പദ്ധതിയുടെ രണ്ടു ഘട്ടങ്ങളിലൂടെ വാമനപുരം പഞ്ചായത്തിൽ ആകെ 6938 കുടിവെള്ള കണക്ഷനുകളും, നെല്ലനാട് പഞ്ചായത്തിൽ 4532 കുടിവെള്ള കണക്ഷനുകളും നൽകാനുദ്ദേശിക്കുന്നു.

മേൽപ്പറഞ്ഞ ഒന്നും, രണ്ടും ഘട്ടങ്ങളിലുൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾ പല പാക്കേജുകളായി തിരിച്ചാണ് നടപ്പിലാക്കുന്നത്. കിണറും, പമ്പ്ഹൗസും, ജലശുദ്ധീകരണശാല, ജലസംഭരണി, റോ വാട്ടർ പമ്പിംഗ് മെയിൻ തുടങ്ങിയവയുടെ പ്രവൃത്തികൾ 55% പൂർത്തിയായി. പമ്പിംഗ് മെയിൻ പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ 70% പൂത്തിയായിട്ടുണ്ട്. നെല്ലനാട് പഞ്ചായത്തിൽ ജലവിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികൾ 90% പൂർത്തിയായിട്ടുണ്ട്. വാമനപുരം പഞ്ചായത്തിൽ ജലവിതരണശൃംഖലകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ 20% പൂർത്തിയായി. ഇതുവരെ 2650 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. വാമനപുരം, നെല്ലനാട്, മാണിക്കൽ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള പദ്ധതിയുടെ ആകെ പുരോഗതി 50% ആണ്.

<u>2. ആനാട്, കുറുപ്പുഴ, പാലോട് വില്ലേജുകൾക്കു വേണ്ടിയുള്ള സമഗ്ര ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി.</u>

വാമനപുരം നിയോജക മണ്ഡലത്തിലുൾപ്പെട്ട ആനാട്, കുറുപ്പുഴ, പാലോട് വില്ലേജുകളിൽ ശുദ്ധജലമെത്തിക്കുന്നതിനുള്ള വാമനപുരം കുടിവെള്ള പദ്ധതിയുടെ വിവിധ ഘടകങ്ങൾ ഘട്ടങ്ങളായി നടപ്പിലാക്കാനാണ് വിഭാവനം ചെയ്തിരുന്നത്. ഈ പദ്ധതിയുടെ ഒന്നാം ഘട്ട പ്രവൃത്തികൾക്കായി 2014 എസ്.എൽ.എസ്.എസ്.സി.-യിൽ ഉൾപ്പെടുത്തി 15 കോടി രൂപ യുടെ ഭരണാനുമതി ലഭിക്കുകയും, പദ്ധതിയുടെ ജലശുദ്ധീകരണശാല, കിണറും പമ്പ്ഹൗസും, റോ വാട്ടർ പമ്പിംഗ് മെയിൻ പൈപ്പ് ലൈൻ എന്നിവ പൂർത്തീകരിക്കുകയും ചെയ്തിരുന്നു.

രണ്ടാംഘട്ട പ്രവൃത്തികൾക്കായി 16 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. ഇതിൽ റോവാട്ടർ പമ്പ് ചെയ്യുന്നതിനായി പമ്പ്സെറ്റുകൾ സ്ഥാപിക്കൽ, നന്ദിയോട് നിലവിലുള്ള ജലസംഭരണിയുടെ പുനരുദ്ധാരണവും, പുതുതായി 10 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല

ജലസംഭരണിയുടെ നിർമ്മാണവും, ടി ജലസംഭരണികളിലേയ്ക്ക് ജലശുദ്ധീകരണശാലയിൽ നിന്നും ശുദ്ധീകരിച്ച ജലം എത്തിക്കുന്നതിനുള്ള പൈപ്പ്ലൈൻ സ്ഥാപിക്കൽ, നന്ദിയോട് പഞ്ചായത്തിൽ 63 കി. മീ. ദൈർഘ്യത്തിൽ ജലവിതരണശൃംഖല സ്ഥാപിക്കൽ എന്നിവയാണ് ഉൾപ്പെട്ടിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികൾ രണ്ടു പാക്കേജുകളായാണ് നടപ്പിലാക്കുന്നത്. ജലസംഭരണിയുടെ നിർമ്മാണം, പൈപ്പ്ലൈൻ സ്ഥാപിക്കൽ തുടങ്ങിയവ ഉൾപ്പെടുന്ന ഒന്നാമത്തെ പാക്കേജിൽ 71% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. പമ്പ്സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ തുടങ്ങിയവ സ്ഥാപിക്കുന്ന രണ്ടാമത്തെ പാക്കേജിൽ 73% പ്രവൃത്തിയും പൂർത്തിയായിട്ടുണ്ട്.

ടി പദ്ധതിയുടെ മൂന്നാം ഘട്ടമായി ആനാട്, നന്ദിയോട് പഞ്ചായത്തുകളിലെ മുഴുവൻ പ്രദേശത്തും കുടിവെള്ളമെത്തിക്കുന്നതിനായി ജലജീവൻ മിഷനിലുൾപ്പെടുത്തി 65.66 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. താന്നിമൂടിൽ 3.3 ലക്ഷം ലിറ്റർ, ആലുംകുഴിയിൽ 4 ലക്ഷം ലിറ്റർ, കുപ്പിൽ 6.25 ലക്ഷം ലിറ്റർ, കൈതക്കാട് 1.7 ലക്ഷം ലിറ്റർ വീതം ശേഷിയുള്ള ഉപരിതല ജലസംഭരണികളുടെ നിർമ്മാണം, പ്രസ്തുത ജലസംഭരണികളിലേയ്ക്ക് ശുദ്ധജലമെത്തിക്കുന്നതിനുള്ള പൈപ്പ്ലൈനുകൾ, പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ, ഇരു പഞ്ചായത്തുകളിലും ആവശ്യമായ ജലവിതരണശൃംഖലകൾ തുടങ്ങിയവ സ്ഥാപിക്കലും, ആനാട് പഞ്ചായത്തിൽ 7814, നന്ദിയോട് പഞ്ചായത്തിൽ 3826 കുടിവെള്ള കണക്ഷനുകൾ നൽകലും ഇതിലുൾപ്പെടുന്നു.

ഇതിൽ കൈതക്കാട്, കുപ്പ് എന്നിവിടങ്ങളിലെ ഉപരിതല ജലസംഭരണിയുടെ നിർമ്മാണം പൂർത്തിയായി. ആലുംകുഴിയിൽ ജലസംഭരണി നിർമ്മിക്കുന്ന സ്ഥലത്ത് നിന്നും പാറ നീക്കം ചെയ്യാനാവാത്തതിനാൽ പ്രവൃത്തി തടസ്സപ്പെട്ടിരിക്കുകയാണ്. ഏകദേശം 144 കി.മീ. ജലവിതരണശൃംഖല സ്ഥാപിക്കേണ്ടതിൽ 4 മേഖലകളായി തിരിച്ച് ഏതാണ്ട് 130 കിലോമീറ്ററോളം സ്ഥാപിച്ചുകഴിഞ്ഞു. ആനാട് പഞ്ചായത്തിൽ 2789 കുടിവെള്ള കണക്ഷനുകളും നൽകിയിട്ടുണ്ട്.

<u>3. പെരിങ്ങമല പഞ്ചായത്തിനു വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി</u>

വാമനപുരം നിയോജക മണ്ഡലത്തിലുൾപ്പെട്ട പെരിങ്ങമല പഞ്ചായത്തിൽ ശുദ്ധജല വിതരണം

| | | | |
|---|---|---|---|
| | | | നടത്തുന്നതിനായി ജലശുദ്ധീകരണ ശാലയുൾപ്പെടെയുള്ള ഘടകങ്ങളുൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതിയ്ക്ക് ജലജീവൻ മിഷനിലുൾപ്പെടുത്തി 123.17 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വാമനപുരം നദിയാണ് ഈ പദ്ധതിയുടെ സ്രോതസ്സായി കണ്ടെത്തിയിട്ടുള്ളത്. തമ്പുരാൻ വച്ചുണ്ടകയത്ത് വാമനപുരം നദിയോട് ചേർന്ന് 8.0 മീ. വ്യാസമുള്ള കിണറും പമ്പ്ഹൗസിന്റെയും നിർമ്മാണം, ആയിരവല്ലിക്കുന്നിൽ 5 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണ ശാലയുടെയും അനുബന്ധ ഘടകങ്ങളുടെയും നിർമ്മാണം, റോ വാട്ടർ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ പൈപ്പ് ലൈനുകൾ, പമ്പ്സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ തുടങ്ങിയവ സ്ഥാപിക്കൽ, ആയിരവല്ലിക്കുന്നിൽ 10.6 ലക്ഷം ലിറ്ററും, അടിയോടി കോളനിയിൽ 1.5 ലക്ഷം ലിറ്ററും, വെളിയൻകാലകുന്നിൽ 1 ലക്ഷം ലിറ്ററും സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണികളുടെ നിർമ്മാണം, ജലവിതരണ ശൃംഖലകൾ സ്ഥാപിക്കൽ, 7777 കുടിവെള്ള കണക്ഷനുകൾ നൽകൽ എന്നിവയാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്.<br><br>ഇതിൽ കിണറും, പമ്പ്ഹൗസും, ജലശുദ്ധീകരണശാല, അടിയോടി കോളനിയിലെ ഉപരിതലജലസംഭരണി എന്നിവയുടെ നിർമ്മാണവും, ജലവിതരണശൃംഖലകൾ സ്ഥാപിക്കലും പുരോഗമിക്കുന്നു. ആയിരവല്ലിക്കുന്നിൽ ജലസംഭരണി നിർമ്മിക്കേണ്ട സ്ഥലത്തേയ്ക്കുള്ള വഴിയ്ക്കുള്ള സ്ഥലം ലഭ്യമാകാത്തതിനാൽ പ്രവൃത്തികൾ തുടങ്ങിയിട്ടില്ല. സ്ഥലം ലഭ്യമാകാത്തതിനാൽ വെളിയൻകാലകുന്നിലും, മടത്തറയിലും നിർമ്മിക്കേണ്ട ജലസംഭരണികളുടെ നിർമ്മാണവും ആരംഭിച്ചിട്ടില്ല. 165 കിലോമീറ്ററോളം ജലവിതരണശൃംഖലകൾ സ്ഥാപിക്കേണ്ടതിൽ 145 കിലോമീറ്ററോളം സ്ഥാപിച്ചു കഴിഞ്ഞു. 3901 കുടിവെള്ള കണക്ഷനുകൾ ഇതുവരെ നൽകിയിട്ടുണ്ട്. ജലശുദ്ധീകരണശാല, ജലസംഭരണികൾ തുടങ്ങിയവയുടെ നിർമ്മാണം പൂർത്തിയാക്കി പദ്ധതി കമ്മീഷൻ ചെയ്യുന്ന മുറയ്ക്ക് പഞ്ചായത്തിലെ എല്ലാ പ്രദേശത്തും ശുദ്ധ ജലവിതരണം സാദ്ധ്യമാകും. |

സെക്ഷൻ ഓഫീസർ